ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം -ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സിവിൽ എന്ജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

**ജീവനക്കാര്യം (സി) വിഭാഗം**

**നം.**DTETVM/6043/2025-EC4 (EC) **തിരുവനന്തപുരം, തീയതി :** 30-07-2025

വായന :- 1. സർക്കാർ ഉത്തരവ് നം. GO(P) 503/2012/HEDN തീയതി.12/10/2012
2. ഈ കാര്യാലയത്തിലെ 6/3/25 തീയതിയിലെ DTETVM/8432/2024-EG3 (EG) നമ്പർ സർക്കുലർ.

**ഉത്തരവ്**

ഈ വകുപ്പിലെ സിവിൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ വിരമിക്കൽ മുഖേനെ ഉണ്ടായ അഞ്ച് ഒഴിവുകളാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ടപ്രകാരം തസ്തികമാറ്റം വഴി നികത്തപ്പെടേണ്ടത്. ടി ഒഴിവിലേക്ക് തസ്തികമാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 41300-87000/-രൂപ ശമ്പള നിരക്കിൽ , കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ,1958 റൂൾ 28(b) (ii) പ്രകാരം തസ്തിക മാറ്റം വഴി സിവിൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 01 | ശ്രീ അനൂപ് ചന്ദ്രൻ<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I<br>(സർവേ), ഗവ<br>പോളിടെക്നിക്ക് കോളേജ്,അടൂർ<br>PEN:172014 | ഗവ പോളിടെക്നിക്ക് കോളേജ്, മുട്ടം<br>(തുറന്ന ഒഴിവ്) |

| | | | |
|---|---|---|---|
| 2 | 02 | ശ്രീ സെൻ വി ഡൊമിനിക്<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I<br>(സർവേ), കേരള ഗവ പോളിടെക്നിക്ക് കോളേജ്,കോഴിക്കോട്<br>PEN:442647 | ജിഎച്ച്എസ്എസ്<br>പള്ളിക്കുന്ന് ,കണ്ണൂർ<br>(തുറന്ന ഒഴിവ്) |
| 3 | 03 | ശ്രീമതി സിമി എ റ്റി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II<br>(സർവേ), കോളേജ് ഓഫ് എൻജിനിയറിങ്,തിരുവനന്തപുരം<br>PEN:643392 | ഗവ പോളിടെക്നിക്ക് കോളേജ്,<br>പെരിന്തൽമണ്ണ<br>(തുറന്ന ഒഴിവ്) |
| 4 | 04 | ശ്രീമതി മഞ്ജുഷ ജി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II<br>(സർവേ), ഗവ പോളിടെക്നിക്ക്കോളേജ് ,<br>കളമശ്ശേരി<br>PEN:558386 | ജിഎച്ച്എസ്എസ്<br>ഇടവിലങ്ങ്<br>(തുറന്ന ഒഴിവ്) |
| 5 | 05 | ശ്രീമതി രമ്യ രവി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II<br>(പ്ലംബിംഗ്), കോളേജ് ഓഫ് എൻജിനിയറിങ്,തിരുവനന്തപുരം<br>PEN:704830 | ജിഎച്ച്എസ് ,<br>എൻജിഒ ക്വാർട്ടേർസ് ,<br>കോഴിക്കോട്<br>(തുറന്ന ഒഴിവ്) |

തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻറെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

* അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.

* ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപനമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ANI ABRAHAM

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

**Signed by Ani Abraham**
**Date: 30-07-2025 13:39:05**

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഇബി 2 സെക്ഷൻ